# ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്.

"ഭരണഭാഷ മാതൃഭാഷ."

## റീജിയണൽ ഓഫീസ്

ഏരൂർ എസ്റ്റേറ്റ്, ഭാരതീപുരം പി ഒ.

Web :- www.oilpalmindia.com

OP/RO/RP-**903** 18-06-2026

## ദർഘാസ് നോട്ടീസ്

## ഓയിൽ പാം റീപ്ലാൻറിങ്ങ്, ഇടവിളക്കൃഷി ഇ-ടെൻഡർ.

ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് ഏരൂർ എസ്റ്റേറ്റിൽ ബി ഡിവിഷൻ നാലാം ഫീൽഡിൽ ഓയിൽ പാം റീപ്ലാൻറിങ്ങ് ചെയ്യാനുദ്ദേശിയ്ക്കുന്ന ഏരിയായിൽ 48 മാസം സ്വന്തം ചെലവിൽ പൈനാപ്പിൾ ഇടവിളയായി കൃഷിചെയ്ത് അംശാദായം കമ്പനിക്ക് നൽകിക്കൊണ്ട് നട്ട ഓയിൽ പാം തൈകൾ 4 വർഷക്കാലത്തേക്ക് പുതയിടൽ, തണൽക്കുത്ത്, കാടുവെട്ടൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, വന്യമൃഗങ്ങളിൽ നിന്നുമുള്ള സംരക്ഷണം തുടങ്ങിയവ ക്രേതാവ് സ്വന്തം നിലയിൽ നടത്തി ഓയിൽ പാം തൈകൾ സംരക്ഷിയ്ക്കുന്നതിനുമുള്ള താൽപര്യപത്രം ഇ-ടെൻഡർ വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിയ്ക്കുന്നു.

| ക്രമനമ്പർ | എസ്റ്റേറ്റ് | ഡിവിഷൻ | ഫീൽഡ് | ഏരിയയുടെ വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|---|
| 1 | ഏരൂർ | ബി | 4 | 99 ഹെക്ടർ |

## ബാധകമായ നിബന്ധനകൾ

1, പ്രതിഫലമായി ക്രേതാവിന് നൽകുന്നത് നിർദ്ദിഷ്ട റീപ്ലാൻറിങ്ങ് ഫീൽഡിൽ ക്രേതാവ് കൃഷി ചെയ്തിട്ടുള്ള ഇടവിളയിൽ നിന്നുമുള്ള ആദായം വിൽപ്പന നടത്തുന്നതിനുള്ള അവകാശമാണ്. ഇപ്രകാരം മൊത്തം ഏരിയ 99 ഹെക്ടറിൽ അംശാദായമായി ടി ഏരിയയിലെ തൈകളുടെ തുടർവർഷങ്ങളിലെ പരിപാലനത്തിനായി ക്രേതാവ് ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന് നൽകാൻ തയാറുള്ള മൊത്തമായ തുകയാണ് (നാല് വർഷത്തേക്ക്) ടാക്സ് ഒഴികെ ഇ-ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. ലഭിച്ച ഏറ്റവുംകൂടിയ തുകയാണ് കരാർ ഉറപ്പിക്കുന്നതിനായി പരിഗണിയ്ക്കുന്നത്.

2,	കരാർ കാലാവധി എഗ്രിമെൻറ് വച്ചതിന്ശേഷം ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ഏരിയ കരാറുകാരനെ ഏൽപ്പിയ്ക്കുന്ന ദിവസം മുതൽ 48 മാസം (കലണ്ടർ മാസം) ആയിരിക്കും. അതിൽ അവസാന ആറ് മാസം ഇടവിളയായി കൃഷി ചെയ്ത വിളകളുടെ അവശിഷ്ടങ്ങൾ ഓയിൽ പാം തൈകൾക്ക് തടസ്സമില്ലാത്ത വിധത്തിൽ നീക്കം ചെയ്യാനുള്ള കാലയളവാണ്.

3,	ഇടവിളയായി കൃഷി ചെയ്യുന്നതിനുള്ള പൈനാപ്പിൾ ക്രേതാവ് സ്വന്തം ചെലവിൽ വാങ്ങി ഏരിയായിൽ എത്തിച്ച് നടേണ്ടതാണ്.

4,	ഓരോ ഓയിൽ പാം തൈകൾക്കും 1.5 മീറ്റർ ചുറ്റളവിലും എസ്റ്റേറ്റ് റോഡുകളും, കൈവഴികളും ഒഴിച്ചിട്ട് ബാക്കിയുള്ള സ്ഥലം മാത്രമേ പൈനാപ്പിൾ ഇടവിള കൃഷിക്കായി ഉപയോഗിക്കുവാൻ പാടുള്ളൂ.

5,	ഇ-ടെൻഡർ 30-06-2026 വൈകുന്നേരം 05.00 മണി വരെ സമർപ്പിക്കാവുന്നതാണ്. **ടെൻഡർ തുറക്കുന്ന തീയതി 02-07-2026 പകൽ 10.00 മണിക്ക്**

6,	ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി, തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം അതേ സമയത്തുതന്നെ പ്രസ്തുത ടെൻഡർ നടത്തുന്നതായിരിക്കും.

7,	ടെൻഡർ സ്വീകരിയ്ക്കുന്നതിനുള്ള അവസാന തീയതി ആയിട്ടും ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിയ്ക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെൻഡർ സ്വീകരിയ്ക്കുന്നതിനുള്ള അവസാന തീയതി നീട്ടിവയ്ക്കുന്നതിനും, അതുവരെ ലഭിച്ച ടെൻഡറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുള്ള അധികാരം ഓയിൽ പാം മാനേജിങ്ങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിയ്ക്കും..

8,	ടെൻഡറിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ടെൻഡർ നൽകുന്നതിന് മുൻപായി മേൽപ്പറഞ്ഞ എസ്റ്റേറ്റ് നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ് ടെൻഡർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപറയുന്ന നമ്പരുകളിൽ ലഭിയ്ക്കുന്നതാണ്

| ഉദ്യോഗസ്ഥൻറെ പേര് | തസ്തിക | യൂണിറ്റ് | ഫോൺ നമ്പർ |
|---|---|---|---|
| ശ്രീ നൗഷാദ് എ | അസ്സിസ്റ്റൻറ് മാനേജർ (ഏരൂർ ബി ഡിവിഷൻ) | ഏരൂർ എസ്റ്റേറ്റ് | 7594955502 |
| ശ്രീ ജെ സന്തോഷ് കുമാർ | മാനേജർ (ഏരൂർ എസ്റ്റേറ്റ്) | ഏരൂർ എസ്റ്റേറ്റ് | 9745766469 |
| ശ്രീ ജെയിംസ് പി തോമസ് | സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) | ഏരൂർ എസ്റ്റേറ്റ് | 9745766466 |

9,	ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഇ-ടെൻഡർ മുഖാന്തിരം പങ്കെടുക്കാവുന്നതാണ്.

10, ടെണ്ടറിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യവുമായി 5,000 /- രൂപ അടയ്ക്കേണ്ടതാണ്

11, ടെണ്ടറിൽ പങ്കെടുക്കുന്നവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിയ്ക്കുക.

12, ഓയിൽ പാം ഇന്ത്യ ലിമിറ്റഡിലെ ജീവനക്കാർക്കോ തൊഴിലാളികൾക്കോ ടെൻഡറിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

13, ടെൻഡർ പ്രകാരം ക്രേതാവിന് ലഭിയ്ക്കുന്ന അവകാശം യാതൊരുകാരണവശാലും ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൻറെ മുൻകൂർ അനുമതി കൂടാതെ കൈമാറ്റം ചെയ്യുവാൻ പാടില്ല.

14, കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്നപക്ഷം ഓയിൽ പാം മാനേജിങ്ങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിയ്ക്കും. ഇതുമായി ബന്ധപ്പെട്ട് കരാറുകാരനും ഓയിൽപാം ഇന്ത്യ ലിമിറ്റഡും തമ്മിൽ എന്തെങ്കിലും തർക്കങ്ങളോ വ്യവഹാരങ്ങളോ ഉണ്ടാകുന്നപക്ഷം ആയതിൻറെ അധികാര പരിധി കോട്ടയം പരിധിയിലുള്ള കോടതികളിൽ മാത്രമായിരിയ്ക്കും.

15, ഏതൊരു ടെണ്ടറും പ്രത്യേക കാരണം കാണിക്കാതെ സ്വീകരിയ്ക്കുന്നതിനോ റദ്ദു ചെയ്യുന്നതിനോ നീട്ടിവയ്ക്കുന്നതിനോ ഓയിൽപാം ഇന്ത്യ ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കും.

16, ക്രേതാവ് നിയമപരമായ നികുതികൾ അടയ്ക്കുവാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിൻറെ പൂർണ്ണ ഉത്തരവാദിത്വത്തിലും ചുമതലയിലും ആയിരിയ്ക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിൻറെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം ഇതര അപകടങ്ങൾ ക്രേതാവിൻറെ തൊഴിലാളികളുടെ പ്രോവിഡൻറ് ഫണ്ട് വിഹിതം അടയ്ക്കുന്നത് ഉൾപ്പടെ ബാധ്യതകൾ തുടങ്ങിയവ)

17, ക്രേതാവ് ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൽ അടയ്ക്കേണ്ടുന്ന തുക യഥാസമയം അടയ്ക്കുന്നതിന് വീഴ്ച്ച വരുത്തിയാൽ അടയ്ക്കേണ്ട തുകയും അടയ്ക്കേണ്ട തുകയ്ക്ക് ആഴ്ച്ച ഒന്നിന് 1/2 % എന്ന നിരക്കിൽ പിഴപ്പലിശയും സഹിതം അടച്ചുതീർക്കുന്നതിന് പരമാവധി 15 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും തുക അടച്ചുതീർക്കാത്തപക്ഷം കരാർ ഉടമ്പടി റദ്ദ് ചെയ്യുന്നതും ജാമ്യ നിക്ഷേപത്തുക കണ്ടുകെട്ടി ഓയിൽ പാം ഇന്ത്യ ലിമിറ്റഡിലേക്ക് മുതൽക്കൂട്ടുന്നതുമായിരിക്കും കൂടാതെ ക്രേതാവിൻറെ നഷ്ടോത്തരവാദിത്വത്തിൽ , ആവശ്യമെങ്കിൽ കരാർ പ്രവർത്തികൾ പുനഃ ക്രമീകരണം ഏർപ്പെടുത്തി പൂർത്തീകരിയ്ക്കുന്നതിന് ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന് അവകാശമുണ്ടായിരിക്കുന്നതാണ്. കൂടാതെ ക്രേതാവിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നിയമനടപടികളും സ്വീകരിയ്ക്കുന്നതായിരിയ്ക്കും.

18,	ടെൻഡർ ഉറപ്പിച്ചുകിട്ടുന്ന ക്രേതാവ് താഴെപറയുംപ്രകരം സെക്യൂരിറ്റി ഡെപ്പോസിറ്റ് കെട്ടിവയ്ക്കേണ്ടതും 500 രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെൻറ് വയ്ക്കേണ്ടതുമാണ്.

| | |
|---|---|
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | രൂപ 3,00,000/- |

19,	എഗ്രിമെൻറ് പ്രകാരമുള്ള ടെൻഡർ കാലാവധി കഴിഞ്ഞ്, ജോലികൾ തൃപ്തികരമായി പൂർത്തിയാക്കിയതായി ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജരുടെ ക്ലീയറൻസ് സർട്ടിഫിക്കറ്റ് വാങ്ങി അപേക്ഷയോടൊപ്പം കോൺട്രാക്ടർ സമർപ്പിച്ചാൽ, ഒരുമാസത്തിനുള്ളിൽ പലിശരഹിതമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് കോൺട്രാക്ടറുടെ ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകുന്നതായിരിയ്ക്കും.

20,	നടുവാനുള്ള ഓയിൽ പാം തൈകളും വെൽഡഡ് മെഷും (WELDED MESH) ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് സ്വന്തമായി റീപ്ലാൻറിങ്ങ് ഏരിയായിൽ എത്തിച്ച് നടുന്നതായിരിക്കും. ഇടവിളക്കൃഷി ചെയ്യുമ്പോൾ പ്രസ്തുത എണ്ണപ്പനത്തൈകൾക്ക് എന്തെങ്കിലും നാശനഷ്ടം സംഭവിക്കുകയാണെങ്കിൽ തൈ ഒന്നിന് 1500 (ആയിരത്തി അഞ്ഞൂറ് രൂപ) എന്ന ക്രമത്തിൽ ക്രേതാവിൽ നിന്നും പിഴ ഈടാക്കുന്നതാണ്.

21,	ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് നിഷ്കർഷിക്കുന്ന നിശ്ചിത അകലത്തിലും, മറ്റ് അഗ്രോ-മാനേജ്മെൻറ് സമ്പ്രദായങ്ങൾ (പുതയിടൽ, തണൽക്കുത്ത്, കാടുവെട്ടൽ, വളമിടൽ രോഗപ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവ) യഥാസമയം ക്രേതാവിൻറെ സ്വന്തം ചെലവിൽ നിർവ്വഹിക്കേണ്ടതാണ്. കീടനാശിനികളും മറ്റും ഏരിയായിൽ ഉപയോഗിക്കുമ്പോൾ കൃഷിവകുപ്പിൻറെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

22,	എണ്ണപ്പനത്തൈകൾക്ക് ഇടവിളയായി പൈനാപ്പിൾ കൃഷിചെയ്തിട്ടുള്ള മൊത്തം ഏരിയക്കാണ് (99 ഹെക്ടർ) കരാർ പ്രകാരമുള്ള തുക ക്രേതാവ് ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൽ അടയ്ക്കേണ്ടത്.

23, കരാർ പ്രകാരം ക്രേതാവ് ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന് നൽകുവാനുള്ള തുക നൽകുവാനുള്ള ഷെഡ്യൂൾ, കരാർ ഉറപ്പിയ്ക്കുവാനായി തെരെഞ്ഞെടുക്കപ്പെട്ട വ്യക്തിയുമായി/സ്ഥാപനവുമായി കൂടിയാലോചന നടത്തി തീരുമാനിക്കുന്നതായിരിക്കും.

24, കരാർ കാലയളവിൽ ഓരോ വർഷവും മാർച്ച് 31-)ം തീയതിക്ക് മുൻപായി എസ്റ്റേറ്റ് മാനേജർ ചുമതലപ്പെടുത്തുന്ന കമ്മിറ്റിയെ എണ്ണപ്പനത്തൈകൾ എണ്ണിത്തിട്ടപ്പെടുത്തി ബോധ്യപ്പെടുത്തേണ്ടതാണ്.

25, ആദ്യവർഷവും, രണ്ടാം വർഷവും 20 ശതമാനത്തിൽ കൂടുതൽ എണ്ണപ്പനത്തൈകൾ നഷ്ടപ്പെട്ടാൽ, അധികമായി നഷ്ടപ്പെടുന്ന തൈ ഒന്നിന് 500/- രൂപ വീതവും മൂന്നാം വർഷം 15 ശതമാനത്തിൽ കൂടുതൽ തൈ നഷ്ടപ്പെട്ടാൽ, അധികമായി നഷ്ടപ്പെടുന്ന തൈ ഒന്നിന് 500/- രൂപ വീതവും നഷ്ടം ഈടാക്കുന്നതുമാണ്. നാല് വർഷം കരാർ കാലാവധി കഴിഞ്ഞ് പിരിയുന്നതിന് മുൻപായി 20 ശതമാനത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ, അധികമായി നഷ്ടപ്പെടുന്ന തൈ ഒന്നിന് 2500/- രൂപ വീതവും കരാറുകാരനിൽ നിന്നും നഷ്ടമായി ഈടാക്കുന്നതായിരിയ്ക്കും.

26, ഇടവിളകൃഷിയ്ക്കായി ഏരിയായിൽ ഉപയോഗിയ്ക്കുന്ന രാസവസ്തുക്കൾ കൃഷി വകുപ്പിൻറെ അംഗീകാരമുള്ളതും, യാതൊരുവിധത്തിലും ഓയിൽ പാം തൈകളുടെ സ്വാഭാവിക വളർച്ചയെ തടസപ്പെടുത്തുന്നതുമാകുവാൻ പാടില്ല.

27, കരാർ പ്രകാരം ചെയ്യേണ്ടുന്ന എല്ലാ കാർഷിക പ്രവർത്തികളും കൃത്യ സമയത്ത് ചെയ്ത് എസ്റ്റേറ്റ് മാനേജരെ ബോധ്യപ്പെടുത്തേണ്ടുന്ന ചുമതല ക്രേതാവിൽ നിക്ഷിപ്തമാണ്.

28, വന്യ മൃഗങ്ങൾ തോട്ടത്തിൽ പ്രവേശിക്കാതെ മുഴുവൻ സമയവും കാവൽ ഏർപ്പെടുത്തേണ്ടുന്ന ഉത്തരവാദിത്വം തോട്ടം പരിപാലനം ഏറ്റെടുക്കുന്ന ക്രേതാവിൽ നിക്ഷിപ്തമായിരിക്കും. ഓരോ ഫീൽഡിലും നിർമ്മിക്കുന്ന അനുബന്ധ ഉപകരണങ്ങളുടെ അവകാശം കരാർ കഴിയുമ്പോൾ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൽ നിക്ഷിപ്തമായിരിയ്ക്കും.

29, സർക്കാരിൻറെയോ കോടതി നിയമ സംവിധാനങ്ങളുടെയോ അടിസ്ഥാനത്തിൽ, കരാറുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമൂലം ക്രേതാവിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായാൽ, അതിന് ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ഉത്തരവാദി ആയിരിയ്ക്കുന്നതല്ല.

30, പ്രകൃതിക്ഷോഭം, സംക്രമികരോഗങ്ങൾ, പേമാരി, വരൾച്ച, വന്യമൃഗ ആക്രമണം, തീപിടുത്തം, വെള്ളപ്പൊക്കം, ക്രേതാവിൻറെയോ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിലെ തൊഴിലാളികളുടെയോ സമരം മുതലായവ മൂലം ക്രേതാവിനോ ടിയാൻറെ തൊഴിലാളികൾക്കോ ഉണ്ടാകുന്ന യാതൊരുവിധ കഷ്ടനഷ്ടങ്ങൾക്കും ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ഉത്തരവാദിയായിരിക്കുന്നതോ നഷ്ട പരിഹാരം നൽകുന്നതോ അല്ല.

31, ക്രേതാവിൽ നിന്നോ ക്രേതാവിൻറെ ജോലിക്കാരിൽനിന്നോ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡിനോ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൻറെ മുതലുകൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് നിശ്ചയിക്കുന്നത് പ്രകാരമുള്ള നഷ്ടപരിഹാരം ക്രേതാവ് ഉടൻതന്നെ അടയ്ക്കേണ്ടതാണ്.

32, കരാർ കാലയളവിൽ ക്രേതാവോ ടിയാൻറെ ജോലിക്കാരോ എസ്റ്റേറ്റിനുള്ളിലോ പരിസരങ്ങളിലോ വന്യമൃഗങ്ങളെ വേട്ടയാടുകയോ അതിനു സഹായിക്കുകയോ മറ്റെന്തെങ്കിലും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ സഹായിയ്ക്കുകയോ ചെയ്യാൻ പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കരാർ റദ്ദ് ചെയ്യുന്നതും, സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടി ഓയിൽ പാം ഇന്ത്യ ലിമിറ്റഡിലേക്ക് മുതൽക്കൂട്ടുന്നതുമായിരിക്കും.

33, കരാറുകാരനിൽനിന്നോ ടിയാളുടെ ജോലിക്കാരിൽനിന്നോ, സബ്-കരാറുകാരിൽ നിന്നോ എന്തെങ്കിലും കാരണവശാൽ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിനോ, അതിൻറെ സ്വത്ത് വകകൾക്കോ (ഓയിൽ പാം തൈകൾ, കെട്ടിടങ്ങൾ, യന്ത്രസാമഗ്രികൾ, വേലികൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുൾപ്പെടെ) എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ അതിൻറെ പൂർണ്ണ ഉത്തരവാദിത്തം കരാറുകാരനായിരിക്കും, കമ്പനി നിശ്ചയിക്കുന്ന നഷ്ടപരിഹാരത്തുക കരാറുകാരൻ ഉടൻ അടയ്ക്കേണ്ടതാണ്. ഈ നഷ്ടപരിഹാരത്തുക കരാറുകാരൻറെ സെക്യൂരിറ്റി ഡെപോസിറ്റിൽ നിന്നോ അടയ്ക്കാനുള്ള മറ്റ് തുകകളിൽ നിന്നോ കണ്ടുകെട്ടുന്നതായിരിക്കും. ഇത് പര്യാപ്തമല്ലെങ്കിൽ കൂടുതൽ തുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികളും കമ്പനി സ്വീകരിക്കും.

34, കരാർ കാലാവധിയുടെ അവസാന ആറ് മാസങ്ങൾക്കുള്ളിൽ കരാറുകാരൻ സ്വന്തം ചെലവിൽ മുഴുവൻ ഏരിയയിൽ നിന്നും (99 ഹെക്ടർ) പൈനാപ്പിൾ ഇടവിളയുടെ അവശിഷ്ടങ്ങൾ (ചെടികളുടെ ഭാഗങ്ങൾ, വേരുകൾ, മാലിന്യങ്ങൾ എന്നിവ) ഓയിൽ പാം തൈകളുടെ വളർച്ചയ്ക്ക് തടസമുണ്ടാകാത്ത വിധത്തിൽ പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണ്.

-6/7-

35,	പിഴ : നിശ്ചിത സമയപരിധിക്കുള്ളിൽ (ആറ് മാസത്തിനകം) അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ, കരാറുകാരനിൽ നിന്നും ഓരോ ദിവസവും 1,000/- (ആയിരം രൂപ) എന്ന നിരക്കിൽ പിഴ ഈടാക്കുന്നതായിരിക്കും ഈ പിഴ കരാറുകാരൻറെ സെക്യൂരിറ്റി ഡെപോസിറ്റിൽ നിന്നോ, അടയ്ക്കാനുള്ള മറ്റ് തുകകളിൽനിന്നോ കണ്ടുകെട്ടുന്നതായിരിക്കും. കൂടാതെ കമ്പനി സ്വന്തം ചെലവിൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യാനും, അതിനുള്ള ചെലവ് കരാറുകാരനിൽ നിന്ന് ഈടാക്കാനും അവകാശമുണ്ടായിരിക്കും.

വിശ്വസ്ഥതയോടെ,

ഒപ്പ്.

സീനിയർ മാനേജർ (എസ്റ്റേറ്റ്സ്)

പകർപ്പ് ;

(i) സീനിയർ മാനേജർ (F & A)
(ii) മാനേജർ, ഏരൂർ എസ്റ്റേറ്റ്
(iii) അസ്സിസ്റ്റൻറ് മാനേജർ ഏരൂർ ബി ഡിവിഷൻ
(iv) മാനേജർ ചിതറ. & കുളത്തൂപ്പുഴ.
(v) എല്ലാ അസ്സിസ്റ്റൻറ് മാനേജർമാർക്കും
(vi) നോട്ടീസ് ബോർഡ്.
(vii) വെബ്സൈറ്റ്.
(viii) ഫയൽ.

പകർപ്പ് സമർപ്പണം ;

മാനേജിങ്ങ് ഡയറക്ടർ.